II ഇ. ബി. XIV - കേരള നിയമസഭ/XIII- 4

**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2018 ഡിസംബർ 03, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ശബരിമല വിഷയവുമായി ബന്ധപ്പെട്ട് പ്രതിഷേധം തുടരുമെന്നും മൂന്ന് എം.എൽ.എ.മാർ സഭാ കവാടത്തിനു മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുമെന്നും പ്രതിപക്ഷ നേതാവ് പ്രഖ്യാപിച്ചതിനെത്തുടർന്ന് വാഗ്വാദമുണ്ടാകുകയും യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

4(*91 & *94) പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ)

നൽകിയ മറുപടിയിൽ, പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 564.94 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 593.38 കോടി രൂപയും ചെലവഴിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ദുരന്തബാധിതർക്ക് അടിയന്തര ധനസഹായമായി പതിനായിരം രൂപ വീതം അനുവദിച്ചിട്ടുണ്ട്. മരണമടഞ്ഞവരുടെ ആശ്രിതർക്ക് നാല് ലക്ഷം രൂപ വീതം അനുവദിച്ചതിൽ 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്. ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) മുഖേന ഒരുലക്ഷം രൂപവരെ വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്നും പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകുമെന്നും ഇതുവരെ 308.8 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗ്ഗമായിട്ടുള്ളവരെ സഹായിക്കുന്നതിനായി ദുരന്ത പ്രതികരണ നിധിയിൽനിന്ന് 49 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. വീടുകൾക്കുണ്ടായ നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് അടിസ്ഥാന ദുരിതാശ്വാസം (Minimum Relief Code) നിർണ്ണയിച്ചിട്ടുണ്ടെന്നും പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക് സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാല് ലക്ഷം രൂപ അനുവദിച്ചതിന്റെയും ഭാഗികമായി വീട്

തകർന്നവർക്കുള്ള ധനസഹായത്തിന്റെയും ആദ്യ ഗഡുവായി ആകെ 39 കോടി രൂപ നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്കായി സർക്കാർ/പുറമ്പോക്ക് ഭൂമിയോ സന്നദ്ധസംഘടനകളോ വ്യക്തികളോ സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഏറ്റെടുക്കുന്നതിന് കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുന്നവർക്കും മറ്റുമായി 16.30 കോടി രൂപ വിലവരുന്ന കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും തോട്ടം തൊഴിലാളികൾക്ക് സൗജന്യ റേഷൻ ലഭ്യമാക്കുകയും മുൻഗണനേതര വിഭാഗങ്ങൾക്ക് 2018 ഡിസംബർ വരെ അഞ്ചുകിലോ അരി സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വൈദ്യുതി, ശുദ്ധജല വിതരണം എന്നിവ പുനഃസ്ഥാപിക്കുകയും പകർച്ചവ്യാധികൾക്കെതിരെ മുൻകരുതലെടുക്കുകയും ചെയ്തിട്ടുണ്ട്. നഷ്ടപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനായി അദാലത്തുകൾ നടത്തിയിട്ടുണ്ട്. മാലിന്യസംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മികവുറ്റ പ്രവർത്തനംമൂലം നാശനഷ്ടങ്ങൾ കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും വെള്ളപ്പൊക്കം ബാധിച്ച സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രളയ അടയാളപ്പെടുത്തൽ നടത്താനും വെള്ളപ്പൊക്കബാധിത പ്രദേശങ്ങളുടെ ഭൂപടം തയ്യാറാക്കാനും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയുടെ സാധ്യതാ

പഠനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിദഗ്ധരെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കാനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണെന്നും അതോറിറ്റിയെ ശാക്തീകരിക്കുന്നതിന്റെ ആദ്യഘട്ടമായി ഇടുക്കി, പത്തനംതിട്ട ജില്ലാ കളക്ടർമാർക്ക് ഉപഗ്രഹ ഫോൺ നൽകിയിട്ടുണ്ടെന്നും കേന്ദ്ര ഏജൻസികൾ നൽകുന്ന മുന്നറിയിപ്പുകൾ സംബന്ധിച്ച് എസ്.എം.എസ്. നൽകാനുള്ള സാങ്കേതികവിദ്യ ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര വിവരങ്ങൾ നൽകാനായി ആകാശവാണിയുടെ മീഡിയം വേവ് സംവിധാനം പുനരാരംഭിക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്താനും കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 27 പദ്ധതികളിൽ ഉൾപ്പെടുത്തി ദുരന്ത ലഘൂകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി അധിക സാങ്കേതിക വിദഗ്ധരെ ലഭ്യമാക്കിയിട്ടുണ്ടെന്നും ദുരന്തബാധിത പ്രദേശത്തെ എം.എസ്.എം.ഇ. സ്ഥാപനങ്ങളുടെ നിലവിലെ കടം പുനഃക്രമീകരിക്കുന്നതിനും പുതുതായി കടം അനുവദിക്കുന്നതിനും കേന്ദ്ര ഫിനാൻസ് വകുപ്പ് എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

(പ്രതിപക്ഷ ബഹളം കാരണം തുടർന്നുള്ള ചോദ്യങ്ങൾ പരിഗണനയ്ക്കെടുത്തില്ല.)

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1157 മുതൽ 1559 വരെയുള്ള ചോദ്യങ്ങളിൽ 401 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)